## മനുവിനും ഷിബുവിനും ആശ്വാസമായി ധനസഹായം

മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്കപരിപാടിയില്‍ പ്രഥമപരിഗണന ലഭിച്ചത് വെട്ടുകുറ്റി ആലുങ്കല്‍ മനുവിന്. തടിപ്പണിയിലൂടെ കുടുംബം പുലര്‍ത്തിയിരുന്ന മനു കിഡ്ണി തകരാറായതിനെ തുടര്‍ന്ന് ചികിത്സയും കുടുംബം പുലര്‍ത്താനാകാത്ത അവസ്ഥയിലുമാണ്. ആംബുലന്‍സിലെത്തിയ മനുവിന്റെ അപേക്ഷ പരിശോധിച്ച മുഖ്യമന്ത്രി 50,000 രൂപ ധനസഹായം നല്‍കാന്‍ ഉത്തരവിട്ടു. രണ്ടാം ക്ലാസില്‍ പഠിക്കുന്ന മകളെയും രണ്ടര വയസുള്ള മകനെയും നോക്കുന്ന അമ്മ ബിന്ദുവിന് ഇത് ആശ്വാസമായി.

കെട്ടിടനിര്‍മ്മാണത്തൊഴിലാളിയായ ചൊള്ളത്ര കുമരകത്ത് ഷിബു (38) ഒന്നര വര്‍ഷം മുമ്പ് പണിക്കിടെ കെട്ടിടത്തില്‍ നിന്നു വീണ് നട്ടെല്ല് തകര്‍ന്നു കിടപ്പാണ്. 13ഉം ഒമ്പതും വയസുള്ള മക്കളെ പോറ്റാനും ഭര്‍ത്താവിന് മരുന്ന് വാങ്ങാനും ഭാര്യ സരിത കൂലിപ്പണി ചെയ്യുകയാണ്. ആംബുലന്‍സിലെത്തിയ ഷിബുവിന് മുഖ്യമന്ത്രി 25,000 രൂപ ചികിത്സാധനസഹായം അനുവദിച്ചു. രണ്ടറ്റവും കൂട്ടിമുട്ടിക്കുവാന്‍ പാടുപെടുന്ന കുംടുംബത്തിന് ഈ സഹായം അല്പം ആശ്വാസമായി.

## ജോസഫിനും റെജിക്കും 25,000 വീതം ധനസഹായം

നെടുമ്പറമ്പത്തു മുത്തുച്ചിറയില്‍ കര്‍ഷകനായിരുന്ന ജോസഫ് അവിചാരിതമായുണ്ടായ ദുരന്തത്തിന്റെ നടുക്കത്തിലാണ്. എട്ടു വര്‍ഷം മുമ്പ് സൈക്കിളില്‍ പോകവേ വീടിനു സമീപത്തെ കനാലിലേക്ക് വീണത് ജീവിതത്തിന്റെ താളം തെറ്റിച്ചു. ചികിത്സാച്ചെലവിനും മകളുടെ നേഴ്സിംഗ് പഠനത്തിനും പണം കണ്ടെത്തേണ്ട വിഷമത്തിലാണ്. ശരീരം തളര്‍ന്ന ജോസഫിനെ ജനസമ്പര്‍ക്ക പരിപാടിയില്‍ കണ്ട മുഖ്യമന്ത്രി 25,000 രൂപ ധനസഹായം അനുവദിച്ചു.

വിവാഹജീവിതത്തിന്റെ മധുരിമ മായുംമുമ്പേ ജീവിതം ചോദ്യചിഹ്നമായി മാറുന്നത് കണ്ടതുണ്ടത്തില്‍ മറ്റക്കര റെജിക്ക് (38) മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്കപരിപാടിയില്‍ ആശ്വാസം. വിവാഹം കഴിഞ്ഞ് അഞ്ചു മാസം കഴിയുന്നതിന് മുമ്പ് അരക്കു താഴെ തളര്‍ന്ന റെജി കുടുംബം പുലര്‍ത്താന്‍ ഡ്രൈവിംഗിന് പോകാന്‍ കഴിയാത്ത സ്ഥിതിയിലാണ്. കിണര്‍ തേകി കയറുന്നതിനിടെ കയറില്‍ നിന്നു കൈ വഴുതിയതാണ് ദുരന്തമായത്. ഭാര്യ ലെനി ഉള്‍പ്പെടെയുള്ള കുടുംബത്തിന് അത്താണിയാകുന്നത് കൂലിപ്പണിക്കാരായ 72 വയസ്സുള്ള അപ്പനാണ്. പ്രാരാബ്ധങ്ങള്‍ക്കിടയില്‍ മുഖ്യമന്ത്രി അനുവദിച്ച 25,000 രൂപ ചെറുതെങ്കിലും ആശ്വാമായതായി റെജി പറഞ്ഞു.

## ആശ്വാസം പകര്‍ന്ന് ആതുര ശുശ്രൂഷ വിഭാഗം

ജനസമ്പര്‍ക്ക പരിപാടിയില്‍ ആര്‍ത്തിരമ്പിയെത്തിയ ജനസാഗരത്തില്‍ രോഗാവസ്ഥയിലായിരുന്നവര്‍ക്ക് ആശ്വാസം പകര്‍ന്ന് ആതുര ശുശ്രൂഷാ വിഭാഗം മികവ് പുലര്‍ത്തി. മുഖ്യമന്ത്രി ഉമ്മന്‍ചാണ്ടി ഇവിടെ തന്നെ കാണാന്‍ കാത്തിരുന്ന രോഗികളെ സന്ദര്‍ശിച്ച് അപേക്ഷ സ്വീകരിച്ചു.

മുണ്ടക്കയം നാഗപുരത്തെ കുഞ്ഞുകുഞ്ഞ് (55) ഹൃദയസ്തംഭനം വന്ന് കൂലിപ്പണിയെടുക്കാനാവാത്ത സ്ഥിതിയിലായിട്ട് മൂന്നു വര്‍ഷം കഴിഞ്ഞു. വാല്‍വിന് മൂന്നു ബ്ലോക്ക് വന്ന് ഡോക്ടര്‍മാര്‍ ഓപ്പറേഷന്‍ നിര്‍ദ്ദേശിച്ച കുഞ്ഞുകുഞ്ഞിനെ മുഖ്യമന്ത്രിയെ കണ്ട് സങ്കടഹര്‍ജി നല്‍കുവാന്‍ ഭാര്യ ആംബുലന്‍സില്‍ കൊണ്ടുവന്നിരുന്നു. ദേഹാസ്വാസ്ഥ്യത്തെതുടര്‍ന്ന് ആതുര ശുശ്രൂഷാവിഭാഗത്തില്‍ കിടത്തിയിരുന്ന രോഗിയെ മുഖ്യമന്ത്രി കാണാനെത്തിയപ്പോള്‍ രോഗവിവരം നല്‍കിയ ഭാര്യ പൊട്ടിക്കരഞ്ഞുപോയി.

മെഡിക്കല്‍ കോളജ് സൂപ്രണ്ട് ഡോ. ബഞ്ചമിന്‍, കാര്‍ഡിയോളജിസ്റ്റ് ഡോ. സ്റ്റാന്‍ലി, കളക്ടര്‍ എന്നിവരുമായി സംസാരിച്ചശേഷം അലമുറയിട്ടു കരഞ്ഞ രോഗിയുടെ ഭാര്യയെ മുഖ്യമന്ത്രി ആശ്വസിപ്പിച്ചു. ആര്‍.എസ്.ബി.വൈ. കാര്‍ഡുള്ള രോഗിക്ക് 70,000 രൂപ ചികിത്സാസഹായം ലഭിക്കും. ഓപ്പറേഷന് ബാക്കി ചെലവ് വരുന്ന 30,000 രൂപ മുഖ്യമന്ത്രി അനുവദിച്ചു. ജനുവരിയില്‍ ഓപ്പറേഷന് തീയതി കുറിക്കുമ്പോള്‍തന്നെ കളക്ടറെ കാണണമെന്നും മുഖ്യമന്ത്രി അറിയിച്ചത് ആശ്വാസത്തോടെയാണ് രോഗിയും ഭാര്യയും കേട്ടത്.

അപേക്ഷകരുടെ തിരക്ക് കണക്കിലെടുത്ത് അരോഗ്യവിഭാഗം വിദഗ്ദ്ധ ഡോക്ടർമാരുൾപ്പെടെ മെഡിക്കൽ സംഘവും മരുന്നും സജ്ജമായിരുന്നു. ഡി.എം.ഒ. ഡോ. എൻ.എം. ഐഷാബായിയുടെ നേതൃത്വത്തിൽ രാവിലെ എട്ടു മുതൽ രണ്ടു വരെയും ഉച്ചയ്ക്ക് രണ്ടു മുതൽ രാത്രി എട്ടു വരെയും തുടർന്ന് പരിപാടി അവസാനിക്കുന്നതുവരെയും മൂന്ന് ഷിഫ്റ്റുകളിലായി മെഡിക്കൽ സംഘം പ്രവർത്തിച്ചു. ഒരു കാർഡിയോളജിസ്റ്റ് ഉൾപ്പെടെ 11 ഡോക്ടർമാർ, നാല് സ്റ്റാഫ് നഴ്സ്, രണ്ട് ഹെഡ് നഴ്സ്, നാല് നഴ്സിംഗ് അസിസ്റ്റന്റുമാർ, ഫാർമസിസ്റ്റുകൾ, അൻപതോളം നഴ്സിംഗ് വിദ്യാർത്ഥിനികൾ എന്നിങ്ങനെ ഓരോ ഷിഫ്റ്റിലും സംഘം പ്രവർത്തിച്ചത് രോഗികൾക്ക് ആശ്വാസമായി.

കൂടാതെ 10 ആംബുലൻസുകൾ, ഒരു വി.ഐ.പി. ആംബുലൻസ്, ഓക്സിജൻ സിലിണ്ടർ, നെബുലൈസിംഗ് ഉപകരണം ഉൾപ്പെടെ സംവിധാനങ്ങളും ഒരുക്കിയിരുന്നു. ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. രാജൻ കെ. ആർ., എൻ.ആർ.എച്ച്.എം. മാനേജർ ഡോ. ബി. തങ്കമ്മ, ഡോ. പ്രിയ എന്നിവരും സംഘത്തിന്റെ മേൽനോട്ടം നടത്തി.